## നിത്യമാം സ്നേഹത്താൽ എന്നെ
Music & Words - VJ Traven

നിത്യമാം സ്നേഹത്താൽ എന്നെ സ്നേഹിച്ച യേശു മഹേശാ
നിന്നിൽ വസിപ്പാനീ എന്നെ വീണ്ടെടുത്ത യേശുദേവാ
എന്നെ മറന്നു ഞാൻ നിന്നെ, സ്നേഹിച്ചാരാധിച്ചു ജീവിച്ചിടുവാൻ
എൻ ഉള്ളം വാഞ്ചിച്ചിടുന്നേ, യേശുവേ മോഹിച്ചീടുന്നേ
ലോകത്തിൻ മോഹം വെടിഞ്ഞൂ ദൈവേഷ്ടം എപ്പോഴും ചെയ്‌വാൻ
സത്യത്തിൽ ആത്മാവാൽ എന്നെ, ശക്തീകരിക്കുക നാഥാ
എന്നെ മറന്നൂ ഞാൻ നിന്നെ, സ്നേഹിച്ചാരാധിച്ചു പിൻഗമിച്ചീടുവാൻ
നിൻ പാദം ചുബിച്ചീടുന്നേ യേശുവേ മോഹിച്ചീടുന്നേ
ഹോസാന്നാ ഹല്ലേലൂയ്യാ (2), ഹല്ലേലൂയ്യാ... ഹല്ലേലൂയ്യാ

യേശുവിൻ ചൂടടയാളം ദേഹത്തിൻ വഹിപ്പാൻ ഞാനും
യോഗ്യനായ് തീരുവാൻ എന്നെ, ക്രൂശിലേൽപ്പിക്കുന്നൂ നാഥാ
എന്നെ മറന്നു ഞാൻ നിന്നെ സ്നേഹിച്ചാരാധിച്ചു പിൻഗമിച്ചീടുവാൻ
സർവ്വസ്വവും അർപ്പിക്കുന്നേ, യേശുവേ മോഹിച്ചീടുന്നേ
കണ്ണുനീരില്ലാത്ത നാട്ടിൽ, കുഞ്ഞാടിനെ കാണും നാളിൽ
അന്തപുരത്തിലെ രാജ്ഞി, ശോഭാപരിപൂർണ്ണയാകും
എന്നെ മറന്നു ഞാൻ നിന്നെ, സ്നേഹിച്ചാരാധിച്ചെൻ ഓട്ടം തികപ്പാൻ
എൻ ഉള്ളം വാഞ്ചിച്ചീടുന്നേ, യേശുവേ മോഹിച്ചീടുന്നേ
ഹോസാന്നാ ഹല്ലേലൂയ്യാ (3), ഹല്ലേലൂയ്യാ..... ഹല്ലേലൂയ്യാ

## ശ്രീയേശു നായകാ

## Music & Words - VJ Traven

ശ്രീയേശുനായകാ ഞാൻ ഇന്നു നിന്നെ സ്തുതിക്കുന്നു (2)

1. നിൻ മുഖശോഭ കാണാൻ നിങ്കലേക്കു നോക്കുമ്പോൾ (2) ശ്രീയേശു
2. നിൻ മുഖപ്രകാശമെന്നും ഇരുളിനെ നീക്കീടുമ്പോൾ (2) ശ്രീയേശു
3. കർത്തനെ നിൻ രൂപം മാത്രം എന്റെ ഉള്ളിൽ കാണുംനേരം (2) ശ്രീയേശു
4. തിരുരക്തം എന്റെ പാപക്കറകളെ മായ്ക്കുകയാൽ (2) ശ്രീയേശു
5. നീ മാത്രം എന്റെ ആത്മനൊമ്പരങ്ങൾ കേൾക്കുന്നു (2) ശ്രീയേശു
6. നീയെനിക്കായ് ചെയ്ത സർവ്വനന്മകളെ ഓർത്തിടുന്ബോൾ (2) ശ്രീയേശു
7. നിത്യ ജീവമൊഴികളാൽ എന്നെ ജീവിപ്പിക്കുന്നോനെ (2) ശ്രീയേശു
8. ദിവ്യനദി എന്റെ ഉള്ളിൽ ജീവനായി ഉണരുമ്പോൾ (2) ശ്രീയേശു
9. മരണത്തിൻ വിഷമുള്ള് നിത്യമായി നീക്കിയോനെ (2) ശ്രീയേശു
10. എന്റെ യേശു തമ്പുരാനേ നന്ദിയാൽ വണങ്ങീടുന്നു (2) ശ്രീയേശു

**കരുണാമയനെ കരുണാമയനെ –**
**Music & Words: VJ Traven**

കരുണാമയനെ കരുണാമയനെ
അടിയനീപ്പൊടിയാണെന്ന് ഓർത്തീടണമേ
അലറുന്നീ ആഴിയിൽ എൻ പ്രാണനേ
അണയാതെ ഇന്നു നീ കാത്തീടണമേ
നിൻ ദയ എന്നു ജീവനാണേ

എൻ ഭയമെല്ലാം മറഞ്ഞുപോയേ
നീ അടിച്ചാലും ആർദ്രമാണേ
യേശുവേ കരുണാമയനെ (2)

കരുണാമയനേ കരുണാമയനേ
ക്രൂശിൽ എനിക്കായ് മരിച്ചവനേ
നിന്നെ മുഖാമുഖം കാണുംവരെ
വീഴാതെ എന്നെ നയിച്ചിടണമേ
നിൻ ദയ എന്നും ജീവനാണേ
നിൻ കൃപ എന്റെ ആശ്രയമേ
എന്നെ വിളിച്ചവനേ
യേശുവേ കരുണാമയനേ (2)

കരുണാമയനേ കരുണാമയനേ
യേശുവേ നീ എന്റെ ഉപനിധിയേ
എന്നെ അനിന്ദ്യനായി കാത്തീടുന്ന
നിൻ സ്നേഹം ഒരു ദിവ്യ ജ്വാലയാണേ
നിന്നെ അനുഗമിച്ചാൽ
ഞാൻ മരിച്ചാലും ജീവിക്കുമേ
മരണത്തെ ജയിച്ചവനേ
യേശുവേ കരുണാമയനേ (2)

**ജീവനായോനേ കാൺമാൻ**

**Music & Words - VJ Traven**

ജീവനായോനേ കാൺമാൻ
അവനോടനുരൂപനായ് തീരാൻ
അവൻ ഹിതം എല്ലാം ചെയ്‌വാൻ
അവനെ പാടിപുകഴ്ത്താൻ

ഉണരുക നീ പോകുക നീ
കാൽവരിയിൽ നോക്കുക നീ
എൻ മനമേ യേശുവിനെ കാണുക നീ

വണങ്ങുക നീ നമിക്കുക നീ
യേശുവിനെ ഉയർത്തുക നീ
എൻ മനമേ യേശുവിനെ വാഴ്ത്തുക നീ

സ്വർഗ്ഗതാതൻ സന്നിധിയിൽ
എന്നെ ചേർക്കുവാനായ് വന്ന
യേശു ദേവാ നിന്നെ മാത്രം
ഞാനാരാധിക്കുമേ നാഥാ
യേശു ദേവാ നിന്നെ മാത്രം
ഞാനാരാധിക്കുമേ നാഥാ
യേശു ദേവാ യേശു ദേവാ നിന്നെ മാത്രം (2)

## എല്ലാ പ്രശംസയും എല്ലാ പുകഴ്ചയും
## Music & Words - VJ Traven

എല്ലാ പ്രശംസയും എല്ലാ പുകഴ്ചയും യേശുവിന്
എല്ലാ സ്തുതികളും എല്ലാ മഹത്വവും രാജാവിന്
ക്രൂശിൽ മരിച്ചവൻ ആരാധ്യനായവൻ ദൈവപുത്രൻ
വീണ്ടും വരുമവൻ രാജാധിരാജനായ് വാഴുമവൻ
ആരാധിക്കും യേശുവിനെ ഞാനന്ത്യം വരെ
പിൻഗമിക്കും നായകനെ ഞാൻ പിന്മാറാതെ
എന്നിക്കനിഞ്ഞവനെ കാണുംനേരം
ഞാൻ പാടുമേ...മോദമോടെ
ഓ ഹോ ഹോ ... ഓ ഹോ ഹോ ഹോ... ഹാലേലൂയ്യാ
ആ ഹാ ഹാ... ആ ഹാ ഹാ ഹാ... ഹാലേലൂയ്യാ
സ്വർഗ്ഗീയദൂതരും ഈ ഭൂവിലേവരും പാടീടുമേ
എല്ലാ സ്തുതികളും എല്ലാ മഹത്വവും യേശുവിന്
മൃത്യുഞ്ജയനവൻ ആരാധ്യനായവൻ ദൈവപുത്ര
വീണ്ടും വരുമവൻ രാജാധിരാജനായ് വാഴുമവൻ
ആരാധിക്കും യേശുവിനെ ഞാനന്ത്യം വരെ
പിൻഗമിക്കും നായകനേ ഞാൻ പിന്മാറാതെ
എന്നെ എന്നെ മെനഞ്ഞവനെ കാണും നേരം
ഞാൻ പാടുമേ... മോദമോടെ
ഓഹോ ഹോ... ഓ ഹോ ഹോ ഹോ... ഹാലേലുയ്യ
ആഹാ ഹാ..ആഹാ ഹാ ഹാ... ഹലേലൂയ്യാ

**ആദിയിലെ വചനമേ നീ**
**Music & Words - VJ Traven**

ആദിയിലെ വചനമേ നീ
മനുജനായി വന്നു ഭൂവിൽ
യേശുവേ നീ ക്രൂശിലേറി
കൂരിരുളിനെ വെളിച്ചമാക്കി

നിൻ ചങ്കിലെ ചോരയാലെ
കാൽവരിയിലെ ത്യാഗത്തിലേ
തമ്പുരാനേ നീ ഏഴയെന്നെ
വിലയ്ക്കുവാങ്ങി നിൻ സ്വന്തമാക്കി
ഞാൻ ഭാഗ്യവാനായ്
യേശു സ്നേഹിച്ചതിനാൽ
പാപം മോചിച്ചതിനാൽ
ആശ്ചര്യവാനായ്
ഞാൻ പാടുമേ സ്തോത്രം യേശുവേ

സ്തോത്രം യേശുവേ
സ്തോത്രം യേശുവേ ഞാൻ പാടുമേ

നിൻ കൈയ്യിലെ ദീപമായി
ദിവ്യമായ വെളിച്ചമായി
യേശുവേ നീ ഏഴയേ നിൻ
ജ്വാലയായ് തീർക്കുവാനായ് (നിൻ ചങ്കിലെ)

ശുഭ്രമായ നദിയിൽ മുങ്ങി
ശുദ്ധനായ സാക്ഷിയായി
യേശുവേ നിൻ താതൻ മുന്നിൽ
അനിന്ദ്യനായ് ഞാൻ നിൽക്കുവാനായ് (നിൻ ചങ്കിലെ)

ഞാൻ ഭാഗ്യവാനായി
പോകുമെന്നുമേ യേശുവൻ പിൻപേ
ആശ്ചര്യവാനായ്